LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് വകുപ്പിൽ ഗ്രേഡ്-3 ഓവർസീയർ നിയമനം

35 [3411] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ 28-3-2001-ലെ ഗസറ്റു വിജ്ഞാപനം അനുസരിച്ച് ഗ്രേഡ്-3 ഓവർസീയർ തസ്തികയിലേക്ക് പി. എസ്. സി. അപേക്ഷ ക്ഷണിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് എന്നാണ് പ്രസിദ്ധീകരിച്ചത്; നിലവിലുള്ള ഒഴിവുകളുടേയും നടത്തിയിട്ടുള്ള നിയമനങ്ങളുടേയും വിശദാംശങ്ങൾ അറിയിക്കുമോ;

(സി) നിലവിൽ ഗ്രേഡ്-3 തസ്തികയിൽ ഒഴിവുകൾ ഇല്ലെങ്കിൽ ഗ്രാഡ്-3 തസ്തികയുടെ റാങ്ക് ലിസ്റ്റിൽ നിന്നും ഗ്രേഡ്-2, ഗ്രേഡ്-1 എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4-7-2003-ലാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. നിലവിൽ 3-ാം ഗ്രേഡ് ഓവർസീയർമാരുടെ ഒഴിവുകൾ ഇല്ല. അതിനാൽ നിയമനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(സി) നിലവിലുള്ള വ്യവസ്ഥകൾ അനുസരിച്ച് ഗ്രേഡ്-3 ഓവർസീയറുടെ ലിസ്റ്റിൽ നിന്നും ഗ്രേഡ്-2, ഗ്രേഡ്-1 എന്നീ തസ്തികകളിലേക്ക് നിയമനം നടത്താൻ കഴിയുകയില്ല.

സായുധ സേന (തിരുവനന്തപുരം) റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം മന്ദഗതിയിലാണെന്ന പരാതി

36 [3412] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സായുധസേനയിലേക്ക് (എസ്. എ. പി. ബറ്റാലിയൻ) നിമനത്തിനായി തിരുവനന്തപുരം ജില്ലയിൽ പി. എസ്. സി. ലിസ്റ്റ് നിലവിലുണ്ടോ;

(ബി) മറ്റു ജില്ലകളിൽ നിയമിക്കുന്നതുപോലെ തിരുവനന്തപുരം ജില്ലയിൽ സായുധസേനയിലേക്ക് നിയമനം നടക്കുന്നില്ലായെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ എസ്. എ. പി. ബറ്റാലിയനിലേയ്ക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉമാശങ്കറിന്റെ നിയമനം

37 [3413] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എസ്. സി. ശുപാർശപ്രകാരം നിയനമം ലഭിച്ച് സർവ്വീസിൽ പ്രവേശിക്കുന്നവർ ക്രിമിനൽ കേസിൽ പ്രതിയായിട്ടുണ്ടെങ്കിൽ അക്കാര്യം മറച്ചുവയ്ക്കുകയോ തെറ്റായ വിവരം നൽകുകയോ ചെയ്താൽ അത്തരം കുറ്റം ചെയ്യുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷയെ സംബന്ധിച്ച് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇൻഷ്വറൻസ് ഡയറക്ടറേറ്റിൽ 7-12-1999-ന് പ്യൂണായി ജോലിയിൽ പ്രവേശിച്ച ജി. എസ്. ഉമാശങ്കർ എന്നയാളുടെ പേരിൽ നിയമന സമയത്ത് കല്പറ്റ ജുഡീഷ്യൽ 1-ാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ എത്ര കേസുകൾ നിലവിലുണ്ടായിരുന്നു; ഇൻഷ്വറൻസ് വകുപ്പിൽ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിരുന്നോ;

(സി) ക്രിമിനൽ കേസുകൾ നിലവിലുള്ളയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ ഇൻഷ്വറൻസ് വകുപ്പിൽ പ്രസ്തുത വ്യക്തിയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുണ്ടായ കാരണമെന്താണ്;

(ഡി) പ്രസ്തുത വ്യക്തിയെ അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി ടൗൺ പ്ലാനിംഗ് വകുപ്പിലേക്ക് മാറ്റിയത് എപ്പോഴാണ്;

(ഇ) ടൗൺ പ്ലാനിംഗ് വകുപ്പിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്യേണ്ട ഉദ്യോഗസ്ഥൻ ആരാണ്; അതിനായി അദ്ദേഹം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(എഫ്) പട്ടികജാതി പട്ടികവർഗ്ഗ പീഡനം ഉൾപ്പെടെയുള്ള ക്രിമിനൽ കേസുകൾ നിലവിലുണ്ടായിട്ടും സർവ്വീസിൽ പ്രവേശിപ്പിച്ച പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) ഈ വ്യക്തിയെ ഇതുവരെ സർവ്വീസിൽ തുടരാൻ അനുവദിച്ച ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിക്കാവുന്ന നടപടികൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly